## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1847** **19-01-2021 - ൽ മറുപടിയ്ക്ക്**

### പ്രതിമാസ ഡ്യൂട്ടി പൂർണ്ണമായും നോക്കാൻ കഴിയാത്ത ലൈൻ ഡ്യൂട്ടിക്കാരുടെ ശമ്പള വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സി. മമ്മൂട്ടി | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പമന്ത്രി) | |
| (എ) | നിരവധി ആരോഗ്യകാരണങ്ങളാൽ കെ.എസ്.ആർ.ടി.സി. യിൽ പ്രതിമാസ ഡ്യൂട്ടി പൂർണ്ണമായും നോക്കാൻ കഴിയാത്ത ലൈൻ ഡ്യൂട്ടിക്കാരുടെ 2018 മുതൽ കുടിശ്ശിക ആയിട്ടുള്ള ശമ്പളം വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിതരണ നടപടികൾ എതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ജീവനക്കാരുടെ സപ്ലിമെന്ററി സാലറി 2020 ഒക്ടോബർ മാസം വരെ നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. യ്ക്ക് അതിലെ ഇതര വിഭാഗം ജീവനക്കാരുടെഉൾപ്പെടെ മറ്റ് ചെലവുകൾക്കൊക്കെ സാമ്പത്തിക പ്രതിസന്ധി എന്നത് ഉന്നയിച്ച് തുക വകയിരുത്തുമെങ്കിലും ടി വിഭാഗം ജീവനക്കാരുടെ പ്രതിമാസ ശമ്പള വിതരണത്തിന് തടസമുണ്ടാക്കുകയും അവരുടെ കുടുംബ ബഡ്ജറ്റിനെ തകർക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം, അസ്ഥിരം ജീവനക്കാരുടെ പ്രതിമാസ ശമ്പളം സർക്കാർ സഹായത്തോടുകൂടി മുടക്കമില്ലാതെ നൽകി വരുന്നുണ്ട്. കോവിഡ് കാലത്തിനു മുമ്പ് സർക്കാരിൽ നിന്നും ലഭ്യമാകുന്ന ധനസഹായ ത്തോടൊപ്പം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ നിന്നും നിശ്ചിത തുക നീക്കിവെച്ച് ആയതും കൂടി ചേർത്താണ് ജീവനക്കാരുടെ ശമ്പളം നൽകി വന്നിരുന്നത്. കോവിഡ് പ്രതിസന്ധിയെ തുടർന്ന് സർവ്വീസുകൾ നിർത്തിവെക്കുകയും പിന്നീട് പരിമിതമായി ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ നല്ലൊരു വിഭാഗം ദിവസവേതന ജീവനക്കാർക്ക് ജോലി ലഭിക്കാതെ വരുകയും കെ.എസ്.ആർ. ടി.സി.യുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാർ നിർദ്ദേശപ്രകാരം ടി ദിവസവേതന ജീവനക്കാരെ ജോലിയിൽ നിന്നും മാറ്റി നിർത്തുകയും ഇവർക്ക് സർവ്വീസിനാനുപാതികമായി ഒരു നിശ്ചിത തുക എക്സ്ഗ്രേഷ്യ ഇനത്തിൽ സർക്കാർ സഹായത്തോട്ടുകൂടി നൽകിയിട്ടുമുണ്ട്. ഈ കോവിഡ് കാലഘട്ടത്തിൽ നിലവിലുള്ള സ്ഥിരം, അസ്ഥിരം ജീവനക്കാർക്ക് സർക്കാർ സഹായത്തോടുകൂടി ഇതുവരെയുള്ള ശമ്പളം മുടക്കമില്ലാതെ പൂർണ്ണമായും നൽകിവരുന്നുണ്ട്. |
| (സി) | പ്രതിമാസം പൂർണ്ണമായും ഡ്യൂട്ടി നോക്കുന്നവരുടെ | (സി) | നിലവിൽ സർക്കാർ സഹായത്താലാണ് |

| | | | |
|---|---|---|---|
| | ശമ്പളം നൽകിയാലുടൻ പ്രസ്തുത ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | | ജീവനക്കാരുടെ ശമ്പളം നൽകിവരുന്നത്. കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകാരണമാണ് സപ്ലിമെന്ററി സാലറി വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായത്. എന്നാൽ നിലവിൽ സപ്ലിമെന്ററി സാലറി പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ